പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7100

11/07/2014-ൽ
മറുപടി നൽകിയത്

## ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലെ നിയമനം

**ചോദ്യം**
ശ്രീ.റ്റി.വി.രാജേഷ് :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോളേജിയേറ്റ് എഡ്യൂക്കേഷൻ വകുപ്പിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ നിയമനം നടത്തുന്നതിനുള്ള നടപടിക്രമം എന്താണ് ; | (എ) | കോളേജ് വിദ്യാഭ്യാസ വകുപ്പിലെ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലെ നിയമനം 21.03.1994-ലെ ജി.ഒ (പി) 41/94/ഉ.വി.വ നമ്പരായുള്ള സർക്കാർ ഉത്തരവ് പ്രകാരമാണ്. പ്രസ്തുത സ്പെഷ്യൽ റൂൾസ് പ്രകാരം ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജുകളിലെ ഇൻസ്ട്രക്ടർമാർ / ഗവൺമെന്റ് പോളിടെക്നിക്കുകളിലെ ഇൻസ്ട്രക്ടർമാർ എന്നിവരിൽ നിന്നും യു.ജി.സി നിഷ്കർഷിച്ചിട്ടുള്ള യോഗ്യരായവർ ഇല്ലാത്ത സാഹചര്യത്തിൽ പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തുന്നു. |
| (ബി) | ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിലേക്ക് പി.എസ്.സി റാങ്ക് ലിസ്റ്റിൽ നിന്ന് നേരിട്ട് നിയമനം ലഭിക്കുന്നതിന് നിലവിലുള്ള സ്പെഷ്യൽ റൂളിൽ ഭേദഗതി വരുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | ഫിസിക്കൽ എഡ്യൂക്കേഷൻ നെറ്റ് - ഹോൾഡേഴ്സ് അസോസിയേഷൻ ഫയൽ ചെയ്ത ഒ.എ നം. 1993/13 വിധി ന്യായ പ്രകാരം പരാതി പരിശോധിച്ച് 27.06.2014-ലെ ജി.ഒ (ആർ.ടി) നം. 1392/2014/ഉ.വി.വ ഉത്തരവ് പ്രകാരം പി.എസ്.സി മുഖേന നേരിട്ട് നിയമനം നടത്തണമെന്നുള്ള അപേക്ഷ നിലവിലെ സ്പെഷ്യൽ റൂൾസ് പ്രകാരം പരിഗണിക്കേണ്ടതില്ലായെന്ന് ഉത്തരവായി. |
| (സി) | നിലവിൽഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ എത്ര ഒഴിവുകളുണ്ട് ; ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ ; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേർക്ക് നിയമനം നൽകി ; കാലാവധി തീരുന്നതെപ്പോൾ ; വിശദമാക്കുമോ ; | (സി) | നിലവിൽ ഫിസിക്കൽ എഡ്യൂക്കേഷൻ ലക്ചറർ തസ്തികയിൽ 13 ഒഴിവുകളുണ്ട്. ഇപ്പോൾ റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നും പി.എസ്.സി നാല് പേരെ അഡ്വൈസ് ചെയ്തിട്ടുണ്ട്. ഇതിൽ 3 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്. ഒരാളുടെ നിയമന ഉത്തരവിൽ നടപടി സ്വീകരിച്ച് വരുന്നു. കൂടാതെ ഓരോ തസ്തിക വീതം ഒ.എക്സിനും ധീവരയ്ക്കും സംവരണം ചെയ്ത് റാങ്ക് ലിസ്റ്റിൽ ആളില്ലാത്തതിനാൽ മാറ്റി വെച്ചിട്ടുള്ളതായി പി.എസ്.സി അറിയിച്ചിട്ടുണ്ട്. റാങ്ക് ലിസ്റ്റിന്റെ കാലാവധി 21.01.2017-നാണ് പൂർത്തിയാകുന്നത്. |

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി വഴി നേരിട്ട് നികത്തുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | പതിമൂന്ന് ഒഴിവുകളിൽ ഏഴെണ്ണം നിയമന ശുപാർശയ്ക്കായി പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശേഷിക്കുന്ന ആറ് ഒഴിവുകളിൽ സ്പെഷ്യൽ റൂൾസ് പ്രകാരം ബൈട്രാൻസ്ഫർ നിയമനത്തിന് യോഗ്യരായ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർമാരുടെ വിവരം അറിയിക്കുവാൻ ആവശ്യപ്പെട്ട് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിലേക്ക് കത്തയച്ചിട്ടുണ്ട്. യോഗ്യരായ ഫിസിക്കൽ എഡ്യൂക്കേഷൻ ഇൻസ്ട്രക്ടർമാരില്ലായെന്ന് ടെക്നിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിൽ നിന്നും അറിയിച്ചാൽ പ്രസ്തുത തസ്തികയിൽ നേരിട്ട് നിയമനം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ